ങ്ങളായി ഇത് നടപ്പാക്കുന്നതിനുള്ള എല്ലാശ്രമങ്ങളും നടത്തിവരികയാണ്. പക്ഷേ കോടതികളുടെ പലതരത്തിലുള്ള ഇന്റർഫിയറൻസ് കൊണ്ട് ഇത് നീണ്ടുപോകുകയാണ്. ലിസ്റ്റ് ഉണ്ടാക്കുന്നതിനുതന്നെ പത്തുപതിനാറ് കേസ്സുകളുണ്ട്. പക്ഷേ കഴിഞ്ഞ രണ്ടുതവണ അബ്കാരി റൂൾസ് ഇറക്കിയപ്പോഴും ഓരോ കള്ളുഷാപ്പിലും ഇതിൽനിന്ന് ഒരു തൊഴിലാളിയെ നിയമിക്കണമെന്ന വ്യവസ്ഥ ഗവണ്മെന്റ് ഉൾക്കൊള്ളിച്ചിരുന്നതാണ്. ഈ വർഷത്തെ പുതിയ റൂളിലും ആ വ്യവസ്ഥ ഉൾക്കൊള്ളിച്ചിരുന്നു. സുപ്രീംകോടതിയുടെ കേസ് തീരുമാനമാകുന്ന മുറയ്ക്ക് തുടർ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(19) പയ്യന്നൂർ റെയിൽവേ മേൽപ്പാല നിർമ്മാണം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, പയ്യന്നൂർ റെയിൽവേ ക്രോസ്സിന് മേൽപ്പാലം ഇല്ലാത്തതിനാൽ കഴിഞ്ഞ കുറെ നാളുകളായി ഇവിടെ ഗതാഗതക്കുരുക്കുകൊണ്ട് വീർപ്പുമുട്ടുകയാണ്. നേവൽ അക്കാഡമി പ്രദേശത്തുൾപ്പെടെ തൃക്കരിപ്പൂർ ഭാഗത്തുനിന്നും പയ്യന്നൂരിലേയ്ക്ക് കടന്നുവരേണ്ട വാഹനങ്ങൾക്ക് ഒന്നൊന്നര മണിക്കൂർ സമയം ഒരു കിലോമീറ്ററിലധികം നീളത്തിൽ ക്യൂവായി നിൽക്കേണ്ടിവരുന്നു. ഗതാഗതക്കുരുക്കിൽ നിന്ന് എത്രയും വേഗം പയ്യന്നൂരിനെ രക്ഷിക്കുന്നതിനും, അവിടത്തെ ജനങ്ങളെ രക്ഷിക്കുന്നതിനും അവിടെ മേൽപ്പാലം നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പ് സത്വര നടപടികൾ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, 2002-03-ലെ റെയിൽവേ വർക്ക് പ്രോഗ്രാം പ്രകാരമാണ് പയ്യന്നൂർ റെയിൽവേ മേൽപ്പാലത്തിന്റെ പണി തുടങ്ങിയത്. റെയിൽവേ മേൽപ്പാലത്തിന്റെ ജനറൽ അലൈൻമെന്റ് ഡ്രായിംഗ്സിന് റെയിൽവേ അംഗീകാരം നൽകിക്കഴിഞ്ഞു. അനുബന്ധ റോഡിനുള്ള സ്ഥലമെടുപ്പ് നടപടിയും പുരോഗമിച്ചുവരുന്നു. ഇതിനാവശ്യമുള്ള സ്ഥലത്തിന്റെ ഭൂരിഭാഗവും ഏറ്റെടുത്തിട്ടുണ്ടണ്ട്. ഉടൻതന്നെ റെയിൽവേ മേൽപ്പാലത്തിന്റെ അനുബന്ധ പാലത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. റെയിലിനു മുകളിലുള്ള പാലത്തിന്റെ പണി റെയിൽവേ നേരിട്ടാണ് ചെയ്യുന്നത്; അതായത് Roads and Bridges Development Corporation ആണ് നോക്കുന്നത്. അനുബന്ധ മേൽപാലത്തിന്റെ പ്രവൃത്തി ആരംഭിക്കാനുള്ള നടപടി ഉടൻ സ്വീകരിക്കുന്നതാണ്.

(20) കോൾ കർഷക മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ കോൾ കർഷകരുടെ പ്രശ്നങ്ങളാണ് ഈ സബ്മിഷൻനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ഏറ്റവും കൂടുതൽ കോൾ കർഷകരുള്ള തൃശ്ശൂർ ജില്ലയിലെ ഇരങ്ങാലക്കുടയിൽ ഏതാണ്ട് 5000-ത്തിലധികം ഏക്കർ കോൾ കർഷക പാടശേഖരമുണ്ട്. ആയിരക്കണക്കായ കർഷകർക്ക് ഇത് ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly